**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4259** **18-07-2022 - ൽ മറുപടിയ്ക്ക്**

**കയർ ഭൂവസ്ത്ര നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ ഭൂവസ്ത്ര നിർമ്മാണം വ്യാപിപ്പിച്ചതു വഴി കയർ മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കൈത്തറിയിലും യന്ത്രം ഉപയോഗിച്ചും പിരിക്കുന്ന കയറിന്റെ അളവുകൾ തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. കൂടാതെ, വ്യത്യസ്ത പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറിന്റെ അളവ് വിവിധ ഘടകങ്ങളെ ആശ്രയിച്ച് വ്യത്യസ്തമായി കാണുന്നു. എന്നിരുന്നാലും കയർ ഭൂവസ്ത്ര നിർമ്മാണം വ്യാപിപ്പിച്ചതു വഴി കയർ മേഖലയിൽ ശരാശരി 35 തൊഴിൽ ദിനങ്ങൾ ഒരു വർഷം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു. |
| (ബി) | വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി എത്ര കോടി രൂപയുടെ കയർ ഭൂവസ്ത്രങ്ങളാണ് വില്പന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി 161.61 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിൽപ്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ